

## ഡിജിറ്റൽ മാഗസീൻ 2019-20

## ജി.എച്ച്.എസ്.എസ് ചേലോറ

# മഴത്തുള്ളികൾ




ചേലോറഗ്രാമത്തിലെ കുട്ടികൾ വളരെ ദൂരെയുള്ള കൂടാളിയിലും, ചൊവ്വയിലുമായിട്ടാണ് 8,9,10 ക്ലാസുകളിൽ പഠനത്തിനായി ആശ്രയിച്ചിരുന്നത്. കുട്ടികളുടെ പ്രയാസം മനസ്സിലാക്കി അതിനൊരു പരിഹാരം കണ്ടെപറ്റു എന്ന നിലയിൽ നാട്ടുകാരുടെ അഭിപ്രായവും കൂടി കണക്കിലെടുത്തുകൊണ്ട് മൂന്ന് ഏക്കർ സ്ഥലം സ്കൂളിന് വേണ്ടി സംഭാവന ചെയ്യുന്നതിനായി ശ്രീ.കമ്മാരൻ നമ്പ്യാർ തയ്യാറായതിനാൽ ആണ് ചേലോറ ഗവൺമെൻറ് ഹൈസ്കൂൾ രൂപീകൃതമായത്.1966 ൽ നാട്ടുകാർ നിർമ്മിച്ച മൂന്ന് ക്ലാസ്സ് മുറികളിലാണ് ആദ്യ ത്തെ ക്ലാസ് ആരംഭിച്ചത്. പിന്നീട് വിദ്യാർത്ഥകളുടെ എണ്ണം വളരെ കൂടുതലായപ്പോൾ ഓലഷെഡ് നിർമ്മിച്ചാണ് നാട്ടുകാർ കുട്ടികൾക്ക് സൗകര്യം ഒരുക്കിയത്.എന്നാൽ ഭൗതിക സൗകര്യങ്ങളുടെ അപാകത മൂലം പിന്നീട് കുട്ടികളുടെ എണ്ണത്തിൽ വളരെ കുറവ് വരികയുണ്ടായി.എന്നാൽ ത്രിതല പഞ്ചായത്തുകളുടെ സജീവ പ്രവർത്തന ഫലമായി പിന്നീടങ്ങോട്ട് ആവശ്യ ത്തിന് കെട്ടിടങ്ങൾ ,പുസ്തകങ്ങൾ ,ലാബ് സൗകര്യങ്ങൾ എന്നിവയൊക്കെ പടിപടിയായിലഭിച്ചു. 2000 ത്തിൽ ഹയർസെക്കണ്ടറിയായി ഉയർത്തപ്പെട്ടു. 2007 മുതൽ SSLC പരീക്ഷയിൽ 100% വിജയവും ഹയർസെക്കണ്ടറി പരീക്ഷയിൽ ഉന്നത വിജയവും തുടർച്ചയായി നിലനിർത്താൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്.ജെ.ആർ.സി ,ഗൈഡ്സ് ,ലിറ്റിൽ കൈറ്റ്സ് എച്ച.എസ്.എസ് വിഭാഗത്തിൽ എൻ.എസ്.എസ് ,സ്കൗട്ട് എന്നീ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.



ഗവ.എച്ച്.എസ്.എസ് ചേലോറ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന *"മഴത്തുള്ളികൾ"* എന്ന ഡിജിറ്റൽ മാഗസീനിന് എല്ലാവിധ ആശംസകളും നേരുന്നു. വിവര വിനിമയ സാങ്കേതികവിദ്യയ്ക്ക് നിത്യജീവിതത്തിൽ വളരെയേറെ പ്രാധാന്യമുള്ള കാലഘട്ടമാണിത്. ഐടി പഠന പ്രവർത്തനത്തിലൂടെ കുട്ടികൾ നേടിയ അറിവും നൈപുണിയും അവർക്ക് ജീവിതത്തിൽ പ്രയോജനപ്പെടുത്താൻ കഴിയട്ടെ എന്ന പ്രത്യാശിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ,ഹെഡ്മിസ്ട്രസ്

ചന്ദ്രിക എൻ.എ



പി.ടി.എ പ്രസിഡന്റ്
പ്രശാന്തൻ കെ.പി

*ചേലോറ ഗവ.ഹയർസെക്കന്ററി സ്കൂളിലെ കുട്ടികൾ തയ്യാറാക്കുന്ന മഴത്തുള്ളികൽ എന്ന ഡിജിറ്റൽ മാഗസീനിന് എല്ലാവിധ ആശംസകളും നേരുന്നു.*

*പി.ടി.എ പ്രസിഡന്റ്*
പ്രശാന്തൻ.കെ.പി

# ലിറ്റിൽ കൈറ്റ്സ്
## 2019-21 ബേച്ച്



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ലതിക ടീച്ചർ

സ്റ്റുഡന്റ് എഡിറ്റർ :അനാമിക കെ.പി

## അംഗങ്ങൾ

അമൃത് .സി

ജ്യോതിരാദിത്യ

ശ്രേയ പി.പി

ശ്രീനന്ദന .കെ

അഭിനവ് വി

സൂര്യദേവ്

അദ്വൈത് പ്രദീപ്

അരുണിമ സി.വി

## വരകൾ

ശ്രേയ പി.പി

അഭിനവ് .വി

അനാമിക കെ.പി

# ഉള്ളടക്കം

പ്രകൃതിയെ രക്ഷിക്കണേ ഭഗവാനേ..............................8
പുലർക്കാലം..........................................................9
ഭൂമിയിലെ സുന്ദരക്കാഴ്ച്ചകൾ.....................................10
കാഴ്ചകൾക്കപ്പുറം...............................................11
എന്റെ സ്വന്തം പൂച്ച...............................................12
ജീവിതക്കാഴ്ചകൾ................................................13
ജലമലിനീകരണം-ഒരു ആഗോളവിപത്ത്...............................14-15
മൊബൈൽ ഫോൺ.....................................................16-17
ഗ്രാവിറ്റി................................................................18
ക്രോസ്സ് പസിൽ.......................................................19-20
ക്വിസ്....................................................................21-22
ഭൂമി ചൂടാകുന്നത് കരുതിയതിലും വേഗത്തിൽ...........................23
ക്രോസ് വേഡ് പസിൽ.................................................24-25
പൈ.........................................................................26
മാജിക്ക് മൾട്ടിപ്ലിക്കേഷൻ...............................................27
കണക്കിന്റെ കളികൾ..................................................28
സമചതുര സംഖ്യകൾ..................................................29-30
വയസ്സ് കണ്ടെത്താം.....................................................31-32
വരകൾ വർണ്ണങ്ങൾ....................................................33-37
നാടൻ ഭക്ഷ്യമേള......................................................38
ഓണാഘോഷം............................................................39

സ്ക്കൂൾ കായികമേള.........................................................................40

സ്ക്കൂൾ കലോൽസവം.....................................................................41

സ്ക്കൂൾ പ്രതിഭയോടൊപ്പം............................................................42

ജെ.ആർ.സി യൂണിറ്റ്........................................................................43

ഗൈഡ്സ് യൂണിറ്റ് ഉദ്ഘാടനം.........................................................44

ഗണിതോൽവം.................................................................................45

നന്ദി..............................................................................................................46

# പ്രകൃതിയെ രക്ഷിക്കണേ  ഭഗവാനേ

പ്രകൃതി രമണീയ കാഴ്ചകൾ
പ്രകൃതി സുന്ദര കാഴ്ചകൾ
മരതകപച്ചയണി  കാഴ്ചകൾ
റോഡുപോലെ നീണ്ട കടലുകൾ
അമ്മയുടെ സ്നേഹം പോലെ
പരന്നുകിടക്കുന്ന സാഗരം
ഗുരുവിന്റെ  നന്മപോലെ
പ്രകാശിച്ച നിൽക്കുന്ന സൂര്യൻ
കാടുകൾ ഭരിക്കുന്ന മൃഗങ്ങൾ
നാട്ടുകൾ ഭരിക്കുന്ന മനുഷ്യർ
പ്രഭാതത്തെ ഉണർത്തുന്ന പക്ഷികൾ
സന്ധ്യയെ സ്വീകരിക്കും കുറുക്കൻമാർ
പ്രളയത്തെ  വളർത്തും പേമാരി
വരൾച്ചയെ ഉണർത്തും സൂര്യരശ്മി
പ്രകൃതിയെ മനുഷ്യർ കൊല്ലുന്നു
മരങ്ങൾ വെട്ടി നശിപ്പിക്കുന്നു
പ്ലാസ്റ്ററിക്ക് വലിച്ച് എറിയുന്നു
നദിയെ മലിനപ്പെടുത്തുന്നു
ഭൂമിയുടെ ഹൃദയം പിളർക്കും കാലാവസ്ഥ
ആളുകളെ പറ്റിക്കുന്ന രാഷ്ട്രീയം
ലഹരി ശീലമാക്കുന്ന തലമുറ
പ്രകൃതിയെ നശിപ്പിക്കുന്ന തലമുറ
വാഹനങ്ങൾ പെരുകുന്ന കാലഘട്ടം
പ്രകൃതിയെ രക്ഷിക്കണേ ഭഗവാനേ-----------

അമൃത് സി

## പുലർക്കാലം

പുലർക്കാല സൂര്യൻ ഉദിച്ചുയർന്നു
സൂര്യഭഗവാൻ ഉണർന്നുവന്നു
ആകാശമാകെ പരന്നുവെട്ടം
പക്ഷികൾ മെല്ലെ ചിലച്ചിടുന്നു
സൂര്യപ്രകാശം പദതിച്ചനേരം
കർഷകരെല്ലാം ഉണർന്നിടുന്നു
മണ്ണിന്റെ ഗന്ധം ശ്വസിച്ചുകൊണ്ട്
ഉന്മാദപൂർവം കൃഷി തുടങ്ങി
പൊന്നിൻ വിളകൾ കൊയ്തെടുക്കും
പൊന്നിൻ പുലരി ഉദിച്ചുവന്നു



അനാമിക
9 ബി

# ഭൂമിയിലെ സുന്ദരകാഴ്ചകൾ

ഭൂമിയിലെ സുന്ദരകാഴ്ചകൾ
പുഴകളും, മലകളും, കാടുകളും
മരങ്ങളും, മൃഗങ്ങളും ,പറവകളും
ഭൂമിയുടെ തണലായി ആകാശം
ഭൂമിയുടെ വസ്ത്രമായി സാഗരം
മനുഷ്യരും,മൃഗങ്ങളും,സസ്യങ്ങളും
ഈ ഭൂമിയുടെ അവകാശികൾ
പ്രകാശം പരത്തുന്ന സൂര്യൻ
ഭൂമിയുടെ തണുപ്പായി മഴവെള്ളം
പൂക്കളും, പഴങ്ങളും ,വർണ്ണങ്ങൾ
പരത്തുമ്പോൾ,ഭൂമിയുടെ നന്മയായി
മഴവില്ല്,ഭൂമിയുടെ സ്നേഹമായി
സസ്യങ്ങളും ,ഭൂമിയുടെ ഹൃദയമായി
മൃഗങ്ങളും ,എത്രസുന്ദര ഭൂമി.............
ഭൂമിയുടെ മതിലായി പർവ്വതങ്ങൾ
ഭൂമിയുടെ കണ്ണീരായി പുഴകളും
പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യർ,
പ്രകൃതിയെ മലിനമാക്കുന്ന മനുഷ്യർ
കാടുകളും, പുഴകളും നശിപ്പിക്കുന്ന
ഈ ദുഷ്ട്ടരായ മനഷ്യർ
ഭൂമിയെ രക്ഷിക്കു ദൈവങ്ങളേ.........
മനഷ്യന്റെ ദുഷ്ടതകൾ തീരട്ടെ..........

ജ്യോതിരാദിത്യ
8 സി

# കാഴ്ചകൾക്കപ്പുറം

തൂമഞ്ഞിൻ ചില്ലകളിൽ വന്നിറങ്ങും
തേൻപുലരികളും.................................
ഇന്നലെയോളം കണ്ടില്ല ഞാൻ ഈ
പൂന്തേൻ തോപ്പ്.......................................
കതിരുകൾ ചാഞ്ചാട്ടുമെൻ ഇളംകാറ്റുകളിൽ
മധുനുകരും കളിവണ്ടുകൾ.................................
ആകാശഗോപുരത്തിൽ മളവില്ല് മായുന്നു
പാടുകയാണി കിളിമകളും................
കാറ്റുകൾ പയ്യെവീശിവരും
മഴവില്ല് പയ്യെ മായുകയായി
കാഴ്ചകൾ നമ്മെ ജീവിപ്പിക്കുന്നു
കലകളെല്ലാം ആസ്വദിക്കുന്നു
ആത്മാവിനാലെൻ കാണുകയായ്
സുന്ദരമാണീ ഭൂപ്രകൃതി
കാണുകയാണീ കുഞ്ഞിളം പൂവിൻ
തേൻനുകരാനായി വന്നിട്ടുമ്പോൾ
ആർത്തുല്ലസിപ്പൂ പൂക്കളാലായി
അമ്മതൻ മടിയിൽ ചായുറങ്ങാൻ
അമ്മമടിത്തട്ടിൻ മൃദുലമായി
നിലാവിന്റെ പൂർണിമ തിളങ്ങുകയായി
പൂർണചന്ദ്രൻ ചിരിക്കുകയായ്
നക്ഷത്രകുഞ്ഞുങ്ങൾ മിഴി ചിമ്മുകയായി
പാടുന്നു പ്രിയദേവതേ നീ
ആഴക്കടലായി......മൽസ്യകുഞ്ഞുങ്ങളും
നീന്തിതുടിക്കുകയാണിതാ........
തൂമഞ്ഞിൻ ചില്ലകളിൽ വന്നിറങ്ങും
തേൻ പുലരികളും.......................
ഇന്നലെയോളം കണ്ടില്ല ഞാൻ ഈ
പൂന്തേൻ തോപ്പ്..........

സാന്ദ്രസന്തോഷ്

# എന്റെ സ്വന്തം പൂച്ച

എനിക്കുമുണ്ടൊരു പൂച്ച

മ്യാവൂ കരയും പൂച്ച

പന്ത് തട്ടും പൂച്ച

എലിയെ തിന്നും പൂച്ച

നല്ലൊരു സുന്ദരിപൂച്ച

രോമം വിടർത്തും പൂച്ച

പാലുകണ്ടാൽ കുടിച്ചുതീർത്ത്

ഇളിച്ചുകാട്ടും പൂച്ച

അനിശ്രീ പി

8 ബി

# ജീവിതക്കാഴ്ചകൾ

നേരം പുലർന്നു സൂര്യനുദിച്ചു
ഞാനിതങ്ങു നോക്കിനിൽക്കേ.....
ഉജ്ജ്വലമായ ആ സൂര്യന്റെ ചുണ്ടിലെ
പുഞ്ചിരിയും ഞാൻ കണ്ടുനിൽക്കേ......
പൂമൊട്ടുകൾ തലയുയർത്തി
മാരുതൻ എന്നിൽ കുളിർമ്മയേകി.......
നിളതൻ ഒഴുകും മണ്ണിൻ സ്വരശവുമായി
ആ കാഴ്ച കാണാനിന്നു എന്തുഭംഗി.......
മധുരമായി ഗാനമാലപിച്ച
കിളിമകളേയും ഞാൻ നോക്കിനിന്നു.....
ഏഴുവർണ്ണങ്ങളാൽ പൂങ്കുടപോലെയാം
മഴവില്ലിനെ ഇന്നു എന്തുഭംഗി........
പുൽത്തടം തലോടിയും പാടം തലോടിയും
എന്നെ ഉണർത്തി ആ മാരുതനും ...........
വർണ്ണച്ചിറകുമായി പാറിനടക്കുന്നു
കൊച്ചു പൂമ്പാറ്റയേയും
ഞാൻ നോക്കിനിൽക്കേ...........
കിളിമകൾ പാടുന്ന പാട്ടൊന്ന്
കേട്ടു ഞാൻ.......എന്നിലെ
സങ്കടം കളഞ്ഞു
നീക്കി.............................
ഭയാനകമായ ഒരിടിമുഴക്കം
കേട്ട് എന്നിൽ ഒരു ഭയമുണർത്തി.........
ഉറ്റിയുർന്ന് മഴത്തുള്ളികൾ
പിന്നെയും പിന്നെയും ഭൂമിയെ തൊട്ടു
രാവിൽ വെളിച്ചം തള്ളിനിക്കി
ഇരുണ്ടനിറവുമായി സന്ധ്യ വന്നു.......
ഇരുണ്ടനിറത്തിലെ സന്ധ്യ
മെല്ലെ,മെല്ലെ സൂര്യനെ കൊണ്ടുപോയ്
ഈ മനോഹരമായ കാഴ്ചകൾ
ഞാൻ പിന്നെയും പിന്നെയും നോക്കിനിൽക്കേ..........

റിതിക

# ജലമലിനീകരണം--ഒരു ആഗോളവിപത്ത്

നാം ഇന്ന് ചർച്ച ചെയ്യേണ്ടിരിക്കുന്ന പ്രധാന വിഷയമാണ് ജലമലിനീകരണം .ഇനി വരാൻ പേകുന്ന തലമുറയ്ക്ക് അത്യന്താപേക്ഷികമാണ് ജലം.കാരണം ജലത്തിന്റെ മൂല്യം അറിയാത്തവരും അറിഞ്ഞില്ല എന്നും ഭാവിക്കുകയാണ് ഇന്നത്തെ മനുഷ്യര്.അടുത്ത യുഗത്തിൽ മാത്രമല്ല, ഈ തലമുറയിൽ തന്നെ ശുദ്ധജലത്തിനുവേണ്ടി യാജിക്കുന്ന പലരും നമ്മുടെ ചുറ്റുവട്ടത്തുണ്ട്. ജലം മലിനമാക്കുന്നതിന് ഏറ്റവും വലിയ പങ്കുവഹിക്കുന്നത് ഈ സമൂഹത്തിലെ മനുഷ്യർ തന്നെയാണ്.അവർ അരിയാതെ തന്നെ അവരുടെ മരണത്തെ വരവേൽക്കുകയാണ്. പലതരത്തിലും വിധത്തിലും ജലത്തെ മലിനമാക്കുകയാണ് ക്രൂരൻമാർ. ലോകത്ത് ജീവൻ നിലനിൽക്കുന്നത് ഭൂമിയിലാണ്. ഭൂമിയിൽ മുക്കാൽ ഭാഗവും ജലമായതുകൊണ്ടാണ് ഇതി സാധ്യമാകുന്നത്. നാം എല്ലാവരും പഠിക്കുന്നത് സസ്യങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നമ്മുക്ക് ജീവിക്കാൻ കഴിയു എന്തുകൊണ്ടെന്നാൽ സസ്യങ്ങളിൽ ജലം ഉപയോഗിച്ച് ഓക്സിജൻ തരുന്ന അതുകൊണ്ട് തന്നെ ഭൂമിയിൽ ഒരു സെക്കന്റ് പോലും കഴിഞ്ഞിക്കുടണമെങ്കിൽ ജല് അത്യന്താപേക്ഷികമാണ്. ഭൂമിയിൽ മുക്കാൽ ഭാഗവും ജലമാണ് ആ ജലത്തെ എങ്ങനെയൊക്കൊ മലിനീകരിക്കാം എന്ന ചിന്തയാണ് ഓരോരുത്തരേയും ക്രൂരനാക്കുന്നത്. ജലത്തിൽ നിന്ന് വിഘടിച്ചാണ്  ഹൈഡ്രജനും ഓക്സിജനും രൂപംക്കൊള്ളുന്നത്.

അന്യസംസ്ഥാനങ്ങളിലെ മനുഷ്യർ ഒരു തുള്ളി ദാഹജലത്തിനായി യാചിക്കുകയാണ്. നമ്മുക്ക് പ്രകൃതി ദേവി അരുളിയ വരദാനമാണ് ജലം. അതുപാഴാക്കരുത് മഴപെയ്യണമെങ്കിൽ ജലം വേണം ജലം ചാക്രിക പ്രവർത്തനം വഴി മഴയായിമാറുന്നു. ഭുമിയിൽ സേവനങ്ങൾ

ക്കായി നിലക്കൊള്ളുന്ന സ്ഥാപനങ്ങളിൽ പലതും അതിലേ അവശിഷ്ടങ്ങൾ ഒഴുക്കി വിടുന്നത് തോട്, പുഴ, കായൽ തുടങ്ങിയ ജലസ്രോതസ്സുകളിലേക്കാണ്. അതുവഴി ജലം മലിനീക്കരണപ്പെടുന്നു. കാർബൺഡൈ ഓക്സൈഡ് ,മീഥെയ്ൻ തുടങ്ങിയ വാതകങ്ങൾ ആഗോളതാപനത്തിന് കാരണമാകുന്നത് പോലെ ജൈവവും അജൈവവുമായ മാലിന്യങ്ങൾ രാസപ്രവർത്തനത്തിന് വിധേയമാവുകയും മനുഷ്യജീവിതത്തിന് ദോഷകരമായി ഭവിക്കുകയും ചെയ്യുന്നു.

ദിയ

9 എ

# മൊബൈൽ ഫോൺ

ഇന്ന് നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്ന ഏറ്റവും വലിയ ഒരുവിപത്താണ് മൊബൈൽഫോണ് ദുരുപയോഗം.മനുഷ്യജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു വസ്തുവായി മൊബൈൽ ഫോൺ മാറിക്കഴിഞ്ഞു .ഭക്ഷണം ,വസ്ത്രം ,പാർപ്പിടം ഇതൊക്കെയാണ് മനുഷ്യന്റെ ജീവിതത്തിൽ അടിസ്ഥാനമായി വേണ്ടത്. പക്ഷെ ഈ സമൂഹം വളരെ ദൂരെ പായുകയാണ് .ഭക്ഷണം കിട്ടിയില്ലെങ്കിലും മൊബൈൽ ഫോൺ ഇല്ലാതെ ഒരു ദിനം കഴിച്ചുക്കൂട്ടാൻ മന്ുഷ്യർക്ക് പറ്റുന്നില്ല അത്രയേറെ പ്രാധാന്യം ഫോണുകൾക്ക് ഈ സമൂഹം നൽകിക്കഴിഞ്ഞു.ഉറങ്ങിഎഴുന്നേറ്റാൽ ആദ്യം എടുക്കുന്നത് ഫോണാണ്. അത്രയേറെ പ്രാധാന്യം ഫോണിന് ഈ സമൂഹം നൽകുന്നു.

മൊബൈൽഫോണുകൾ നമ്മുക്ക് പലതരത്തിൽ ഉപകാരപ്പെടുന്ന .അത്യാവശ്യ ഘട്ടത്തിൽ ആളുകൾക്ക് വിവരങ്ങൾ കൈമാറാനും പലകാര്യങ്ങൾ പഠിക്കാനും വഴിക്കണ്ടെത്താനും ഇങ്ങനെ അനന്തമായ പല ഉപയോഗങ്ങളും മൊബൈഫോണിനുണ്ട്. നാം അതിനെ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുക. അനാവിശ്യമായ കാര്യങ്ങൾക്ക് ഉപയോഗിക്കാതിരിക്കുക.

ഈ സമൂഹം പണത്തിൽ അത്യാർത്തി കാണിക്കുന്നവരാണ്. പണത്തിനുവേണ്ടി അവരെന്തും ചെയ്യും ഫോണിലേ ചില സാങ്കേതിക വിദ്യകൾ അവർ അതിന് പ്രയോജനപ്പടുത്തുന്നു. ബേങ്ക് അക്കൗണ്ടുകൾ ഹേക്ക് ചെയ്യ്ത് പണക്കൊള്ള നടത്തുന്നത് ഇതിനൊരിദാഹരണമാണ്. ഫോണുകളിൽ ആകർഷിതരാവുന്ന ചെറിയ കുട്ടികൾ കൗമാരപ്രായക്കാർ, പെൺക്കുട്ടികൾ ഒക്കെ പല ചതിക്കുഴിയിൽ ചെന്നുപ്പെടുന്നു. ഫോണിലെ ചില ചാറ്റിംങ് ആപ്പിലൂടെ വഞ്ചിക്കപ്പെട്ട് ജീവിതം വെടിയേണ്ട അവസ്ഥവരെ ചില പെൺക്കുട്ടികൾക്കുണ്ടാകുന്നു. ചില സ്മാർട്ട് ഫോൺ ചതിക്കുഴിയിൽപെട്ട് മനോനില തകർന്ന് നാല്ച്ചുമരുകൾ

ക്കുള്ളിൽ ഒതുങ്ങിപോകുന്നവരും കുറവല്ല. ചെറിയ കുട്ടികളുടെ സ്മാർട്ട് ഫോൺ ഉപയോഗം പലതരത്തിലുള്ള നേത്രരോഗങ്ങൾക്കും കാരണമാകുന്നു കൂടാതെ ഫോണിലൂടെയുള്ള റേഡിയേഷൻ തലച്ചോറിനെ ബാധിക്കുകയും ചെയ്യുന്നു.

ഇങ്ങനെ സ്മാർട്ട് ഫോണുകളുടെ ദുരുപയോഗം നമ്മുടെ ഭാവിതലമുറയെപോലും ബാധിക്കുന്ന മഹാവിപത്തായി മാറിക്കൊണ്ടിരിക്കുകയാണ്


അരുണിമ സി വി

# GRAVITY

We are on earth
We stand on the floor
We float in the sky
Thie is due to gravitational force

When we stand on the earth
The earth pull us towards it
while we go on the heights
The earth pull decriases

We stand on the floor
We walk on the floor
Due to gravitational force
Our sweet little earth help as to do -
what we wand to do



ലയ വിനോദ്
10 ബി

# CROSS PUZZLES

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| C | N | R | S | O | A | V | A | J | X |
| Q | T | H | A | S | K | E | L | L | Y |
| P | T | X | P | L | P | A | G | K | N |
| R | L | T | L | F | I | P | E | R | L |
| O | O | L | O | O | H | V | K | N | R |
| L | G | A | G | R | L | O | B | O | C |
| O | L | C | O | T | L | I | S | P | J |
| G | A | S | S | R | R | V | D | U | C |
| E | M | A | R | A | Y | A | O | A | S |
| O | T | P | H | N | B | A | S | I | C |

LANGUAGE SERCH

Find our 15 computer prigramming language from the grid. You can serch backwrds , forwardsn ,vertically, horisondaily and even diagonlly

# PUZZLE ANSWERS

1.C
2.C++
3.JAVA
4.PROLOG
5.HASKELL
6.COBOL
7.PASCAL
8.BASIC
9.PERL
10.FORTRAN
11.LISP
12.APL
13.ALGOL
14.ADA
15.LOGO



അഭിനവ് കെ

10 എ

# ക്വിസ്

1. ലോകത്തിൽ ഏറ്റവും വലിയ പഴം തരുന്ന സസ്യം ?

2. പ്രകൃതിയിലെ ശുചീകരണ ജോലിക്കാർ?

3. ഒറ്റയിലമാത്രമുള്ള സസ്യം ?

4. ഒറ്റ വിത്തുള്ള ഫലം ?

5. കപട ഫലങ്ങൾക്ക് ഉദാഹരണം ?

6. കാറ്റിലൂടെ വിത്ത് വിതരണം നടത്തുന്ന സസ്യം?

7. പ്രകാശസംശ്ലേഷണ സമയത്ത് ഓസോൺ പുറത്തുവിടുന്ന സസ്യം?

8. പേപ്പട്ടി വിഷത്തിനെതിരെ ഉപയോഗിക്കുന്ന ഔഷധസസ്യം?

9. ആയുർവ്വേദത്തിൽ മാനസികരോഗത്തിനുള്ള ഔഷധമായി ഉപയോഗിക്കുന്ന പുഷ്പം?

10. തലച്ചേറിന്റെ ആകൃതിയിലുള്ള ഇലകളുള്ള ഔഷധസസ്യം?

11. ഏറ്റവും വലിയ പുഷ്പം?

12. എല്ലാ രോഗങ്ങൾക്കുമുള്ള ഒറ്റമൂലി, ഗ്രാമത്തിലെ ഔഷധശാല എന്ന് വിളിപ്പേരുള്ള സസ്യം

# ഉത്തരം

1. പ്ലാവ്
2. ഫംഗസ്
3. ചേന
4. തേങ്ങ
5. ആപ്പിൾ, പിയർ
6. മുരിങ്ങ , എരുക്ക്
7. തുളസി
8. അങ്കോലം
9. ശംഖുപുഷ്പം
10. കുടങ്ങൽ
11. റഫ്ലീഷ്യ
12. ആര്യവേപ്പ്



അനശ്വര സി എച്ച്

10 ബി

# ഭൂമി ചൂടാകുന്നത് കരുതിയതിലും വേഗത്തിൽ

ഫോസിൽ ഇന്ധനം കത്തുന്നതുമൂലം ഹരിതഗൃഹവാതകങ്ങൾ അന്തരീക്ഷത്തിൽ എത്തുന്നത്

ഭൂമിയുടെ അന്തരീക്ഷം വളരെ വേഗത്തിൽ ചൂടാകുന്നതിന് കാരണമാകുന്നതായ് ശാസ്ത്രജ്ഞർ

അന്തരീക്ഷത്തിലേക്ക് എത്തിച്ചേരുന്ന കാർബണിന്റെ അളവ് ഇതേ നിലയിൽ തുടർന്നാൽ

2100

ആകുമ്പോഴേക്കും ശരാശരി താപനില 6.5 ഡിഗ്രി സെൽഷ്യസിനു മുകളിലെക്കെത്തും,

ഐക്യരാഷ്ട്രസഭയിൽ അവതരിപ്പിച്ച ഫ്രാൻസിൽ നിന്നുമുള്ള 2

വ്യത്യസ്ഥ

കാലാവസ്ഥ മാതൃകകളാണ് ഈ കാര്യം അടിവരയിട്ടുപറയുന്നത്.

കാലാവസ്ഥമാറ്റത്തെ കുറിച്ച് പഠിക്കുന്ന യുഎൻ സമിതി 2014 ൽ

പുറത്തുവിട്ട 5 മത് മൂല്യലിർണയ റിപ്പോർട്ട് പ്രകാരം ഉള്ളതിനേക്കാൾ 2 ഡിഗ്രി

അധികമാണിത്.

അന്തരീക്ഷതാപനിലയിൽ കേവലമ 1 ഡിഗ്രി സെൽഷ്യസിന്റെ വർദ്ധനവ്

രേഖപ്പെടുത്തുമ്പോൾ പോലും മരണകാരണമാകുന്ന ചൂട്ടകാറ്റും വരൾച്ചയും വെള്ളപ്പൊക്കവും

ചുഴലിക്കാറ്റും ഒക്കെകൊണ്ട് വീർപ്പുമുട്ടുകയാണ് ലോകം. അപ്പോൾ താപനില ഇത്രയേറെ വർ

ദ്ധക്കുമ്പോഴുണ്ടാകുന്ന അവസ്ഥയോ ?

അനുവിന്ദ കെ പി
9 ബി

# Cross word puzzle

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | | | | 2 | | 3 | | | 4 |
| 5 | | 6 | | | 7 | | | | |
| | | | | 8 | | | | | |
| 9 | | | | | 10 | | 11 | | |
| | | | | | | | | | |
| 13 | | | | | | | | | |
| | | | | | | 14 | | 15 | |
| 16 | | | 17 | | | | | | |
| | | 18 | | | | | | | |
| | | | | | | 19 | | | |

# Down

1.Sweet fluid produced by planes(6)

2.A power source inside miotchondrion (3)

3.In statics ,this is the most freruently occuring obervation(4)

4.A quanity known by the unit 'watt'(5)

6.The scientisit we can related to relativity(8)

7.A non --volatile primary memmory in computer(3)

11.A mental occures in two allotropic form white anf grey and used for priparing tin foils(3)

12.Any member of planet kindom the capable of living on in organic substance and having no locomotion oragn(5)

14.A device used for reading maganetic characters od cheque in banks(4)

15.Dalton's samllest structure of matter(4)

16.Altimate source of energy (3)

17.A sanke like fish(4)

ACROSS

5.Negatively charged particles in atom(8)

8.Long seed vessel expecially of leguminus plants(3)

9.Large metal or wooden vessel foe liquid or gass(4)

10.standered unit of length(5)

13.Rodent of some largest spcies of a kinf of mouse(3)

16.people includend in th study and reserch on sciences(9)

18.Meshed fabric of cord theread etc(3)

19.Vocetill primary memmory in computer(3)

ദേവപ്രിയ

# പൈ

ഗണിതശാസ്ത്രത്തിലെ ഒരു പ്രധാനപ്പെട്ട ഒരു സംഖ്യയാണ് പൈ. വൃത്തപരിധിയും വ്യാസവും തമ്മിലുള്ള അനുബന്ധത്തെയാണ് പൈ എന്ന് നിർവ്വചിച്ചിട്ടുള്ളത്. ഈ അംശബന്ധം ഒരു സ്ഥിരസംഖ്യയായിരിക്കും. പൈയുടെ ഏകദേശവില 3.1416 ആണ്. വില്ല്യം ജോൺസാണ് പൈയുടെ ചിഹ്നം ആദ്യമായി ഉപയോഗിച്ചത്.

പൈ ഒരു അഭിന്നകമാണ് കൂടാതെ ഇത് അവസാനിക്കുകയോ ആവർത്തിക്കുകയോ ചെയ്യാത്ത ദശാംശസംഖ്യയായിരിക്കും. പൈയുടെ സ്ഥാനവില തെറ്റാതെ ഓർക്കുന്നതിന്റെ ലോക റൊക്കോഡ് അകിരഹാഗുച്ചിയുടെ പേരിലാണ് ഉള്ളത്.

വൃത്തത്തിന്റെ വിസ്താതീർണം പൈയോ ആരം കൊണ്ട് ഗുണിക്കുന്നതിനു തുല്യമായിരിക്കും.

ഹിമ പി

9 ബി

# Magic in Multiplication

| | |
|---|---|
| 12345679 * 9 | = 111111111 |
| 12345679 * 18 | =222 222 222 |
| 12345679 * 27 | =333 333 333 |
| 12345679 *36 | = 444 444 444 |
| 12345679 * 45 | = 555 555 555 |
| 12345679 * 54 | =666 666 666 |
| 12345679 * 63 | = 777 777 777 |
| 12345679 * 72 | = 888 888 888 |
| 12345679 * 81 | =999 999 999 |

# കണക്കിന്റെ കളികൾ

**ചതുരങ്ങളും മട്ടത്രികോണങ്ങളും**

8 രേഖാഖണ്ഡങ്ങൾ ഉപയോഗിച്ച് 2 ചതുരങ്ങളും 4 മട്ടത്രികോണങ്ങളും ഉണ്ടാക്കാമോ?

സംഖ്യാവിനോദം

തുടർച്ചയായ മൂന്ന് പൂർണ്ണസംഖ്യകളുടെ ഗുണനഫലത്തെ അവകൊണ്ടു ഹരിക്കുമ്പോൾ കിട്ടുന്ന ഹരിതഫലത്തിന്റെ 74 ആണെങ്കിൽ സംഖ്യകളേവ?

പ്രത്യേക സംഖ്യ

ഒരു സംഖ്യയുടെ ഇരട്ടി അതിന്റെ പകുതിയേക്കാൾ 45 കൂടുതലാണ്.എന്നാൽ സംഖ്യയെത്ര?

വിഭജനം

34-നെ താഴെ കൊടുത്തിരിക്കുന്ന നിബന്ധനപ്രകാരം രണ്ടായി വിഭജിക്കാൻ കഴിയുമോ? ഒരു ഭാഗത്തിന്റെ 4/7 രണ്ടാമത്തെ ഭാഗത്തിന്റെ 2/5 നോടു തുല്യമാണ്. നാണയത്തുട്ടുകൾക്കൊണ്ടൊരു കണക്ക്,


10 നാണയത്തുട്ടുകൾ, ഒരു രേഖയിൽ വരത്തക്കവണ്ണം അഞ്ചുരേഖയിൽ വെക്കുമോ?



ആദിത്യൻ സി.എം
10B

# സമചതുര സംഖ്യകൾ

സമചതുരവുമായി ബന്ധപ്പെട്ട ചിത്രസംഖ്യകൾ നിസർഗ്ഗ സംഖ്യകളുടെ വർഗ്ഗങ്ങൾ.സമചതുര സംഖ്യകൾക്ക് ധാരാളം പ്രത്യേകതകളുണ്ട്.അവയിൽ ഒന്ന് ചുവടെ. ഒന്നു മുതലുള്ള ക്രമമായ ഒറ്റ സംഖ്യകളുടെ തുക സമചതുര സംഖ്യകളായിരിക്കും.



$5^2$ =1+3+5+7+9


ഇതുപോലെ

$6^2$ =1+3+5+7+9+11

പൊതുവേ പറഞ്ഞാൽ

$n^2$= 1+3+5+9+..........................+(2n-1)

സമചതുരം സംഖ്യകളുടെ മറ്റൊരു പ്രത്യേകത നേക്കുക.



$5^2 = 1+2+3+4+5+4+3+2+1$

ഇതുപോലെ

$6^2 = 1+2+3+4+5+6+5+4+3+2+1$

പൊതുവേ പറഞ്ഞാൽ

$n^2 = 1+2+.....(n-1)+n+(n-1)+.......+2+1$

ഈ ആശയവും സംഖ്യകളുടെ തുക എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.



ഗോപിക എം

10 എ

# വയസ്സ് കണ്ടെത്താം

## 13837 * വയസ്സ് *73

13837 *10 * 73 =10101010

13837 * 15 * 73 =15151515

13837 * 18 * 73 =18181818

13837 * 20 * 73 =20202020

13837 * 26 *73 =26262626

13837 *35 * 73 =35353535

13837 * 40 * 73 =40404040

13837 * 50 * 73 =50505050

13837 * 80 * 73 =80808080

13837 * 99 * 73 99999999

# വയസ്സ് ലഭിക്കുന്ന രീതി

## 13837 * 73 101010*വയസ്സ്

101010 * 10 = 10101010
101010 *30 =30303030
101010 * 50 =50505050
101010 * 70 =70707070
101010 * 90 =90909090
101010 * 20 =20202020
101010 * 25 =25252525
101010 * 55 =55555555
101010 * 99 =99999999
101010 * 11 =11111111

വർഷ 9 ബി

# വരകൾ വർണ്ണങ്ങൾ








അനഘ. എ


10 ബി




അനശ്വര സി എച്ച്

പത്ത് ബി






അഭിനവ് വി വി

10 എ



അഭിനവ് വി

10.ബി










ശ്രീനന്ദന

10 ബി






ദേവിക കെ കെ

10 എ






ശ്രേയ പി പി

8 സി



അനാമിക

9 ബി





# നാടൻ ഭക്ഷ്യമേള










# ഓണാഘോഷം


SHOT ON REDMI NOTE 5
MI DUAL CAMERA


SHOT ON REDMI NOTE 5 PRO
MI DUAL CAMERA





# സ്കൂൾ കായികമേള





# സ്കൂൾ കലോത്സവം







## സ്ക്കൂൾ പ്രതിഭയോടൊപ്പം(പ്രശസ്ത കവി ശ്രീ.കുഞ്ഞപ്പ പട്ടാന്നൂരിനൊപ്പം)







# ജെ.ആർ.സി യൂണിറ്റ്





# ഗൈഡ്സ് യൂണിറ്റ് ഉദ്ഘാടനം



# ഗണിതോൽസവം 2019-20







# നന്ദി

ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ കൊച്ചു മാഗസീനിന്റെ നിർമ്മാണത്തിനാവശ്യമായ സഹായസഹകരണങ്ങൾ നൽകിയ എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ഈ ക്ലബിന്റെ പേരിൽ നന്ദി അറിയിക്കുന്നു.